● പഠനം

● ഡോ. ബിസ്ത്വാമി മുഹമ്മദ് ഖൈർ

# രാഷ്ട്രീയവും കർമ്മശാസ്ത്രവും-2

ഖുർആനും സുന്നത്തും കഴിഞ്ഞാൽ രാഷ്ട്രീയത്തിന്റെ മൂന്നാമത്തെ സ്രോതസ്സ് നാല് ഖുലഫാഉർറാശിദുകളുടെ ഇജ്തിഹാദുകളാണ്. വിശിഷ്യാ, അക്കാലത്ത് സ്വഹാബികൾ ഏകോപിതാഭിപ്രായം പ്രകടിപ്പിച്ച വിഷയങ്ങൾ. ഇസ്‌ലാമിക രാഷ്ട്രീയ കർമ്മ ശാസ്ത്രത്തെ ഈ കാലഘട്ടം നന്നായി തന്നെ അടയാളപ്പെടുത്തിയിട്ടുണ്ട്. സ്വന്തം നിലയിൽ കർമ്മശാസ്ത്ര വിജ്ഞാന വിശാരദരായിരുന്നുവെങ്കിലും കൂട്ടായ ശൂറാ (കൂടിയാലോചന) രീതിയിലാണ് അവർ ഇജ്തിഹാദുകൾ നടത്തിയിരുന്നതെന്നത് ശ്രദ്ധേയമാണ്. ഈ ഇജ്തിഹാദുകളിലൂടെ ആവിഷ്കൃതമായ കണ്ടെത്തലുകൾ രാഷ്ട്രത്തെ ഭരിക്കുന്ന നിയമങ്ങളായി. ഖുലഫാഉർറാശിദുകളുടെ കാലശേഷം ഈ രണ്ട് സവിശേഷതകൾ വലിയൊരളവോളം ഇല്ലാതായി. രാഷ്ട്രീയമുൾപ്പെടെ സകല കർമ്മശാസ്ത്ര ശാഖകളും വ്യക്തികളുടെ നിയന്ത്രണത്തിലായി. ശരീഅത്തധിഷ്ഠിത ശൂറാ സംവിധാനം വിനഷ്ടമായി. രാഷ്ട്ര നിയമങ്ങൾ പണ്ഡിതാഭിപ്രായങ്ങൾക്ക് വിധേയമല്ലാതായി.

ഖുർആനും സുന്നത്തും അടിത്തറയിട്ട രാഷ്ട്രീയ അടിസ്ഥാനങ്ങളുടെ വിശദീകരണവും വ്യാഖ്യാനവും ഖുലഫാഉർറാശിദുകളുടെ കാലത്താണ് നടന്നത്. പ്രസ്തുത കാലത്താണ് ഖിലാഫത്ത് വ്യവസ്ഥക്ക് അടിത്തറ പാകിയത്. ഭരണാധികാരിയെ തിരഞ്ഞെടുക്കുന്നതിലും ഭരണനിർവ്വഹണത്തിലും നിയമനിർമ്മാണത്തിലും കൂടിയാലോചനാ സമ്പ്രദായം നിലവിൽ വന്നു. നീതിനിർവ്വഹണം, മതാനുഷ്ഠാനങ്ങളുടെ സംരക്ഷണം, നിയമപരവും സാമ്പത്തികവും സൈനികവുമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനുള്ള പരിരക്ഷ തുടങ്ങിയവ പ്രയോഗത്തിൽ വന്നു.

ഖുലഫാഉർറാശിദുകളുടെ ഭരണകാലത്തിന്റെ അവസാനത്തിൽ പ്രവാചക മാതൃകയിലുള്ള ഖിലാഫത്ത് സമ്പ്രദായത്തിൽ വ്യതിചലനം സംഭവിച്ചു. ഖിലാഫത്തിൽ നിന്ന് രാജവാഴ്ചയിലേക്കുണ്ടായ വ്യതിചലനമാണുദ്ദേശ്യം. ശീഈ, ഖവാരിജ് പോലുള്ള വ്യത്യസ്ത അവാന്തര വിഭാഗങ്ങൾ വളർന്നുവന്നു. ഈ രണ്ട് പ്രവണതകൾക്കും രാഷ്ട്രീയ കർമ്മ ശാസ്ത്രത്തിൽ വൻസ്വാധീനമുണ്ടാക്കാൻ കഴിഞ്ഞു. പ്രസ്തുത കാലഘട്ടത്തിലെ ഫിഖ്ഹ് മൂന്നു കാര്യങ്ങളിൽ ഊന്നിയിരുന്നു. (1) ഭരണാധികാരത്തെകുറിച്ച ശരിയായ സങ്കൽപം (2) ബൈഅത്ത് പ്രശ്നം (3) അക്രമിയും തെമ്മാടിയുമായ ഭരണാധികാരിക്കെതിരിലുള്ള നീക്കങ്ങൾ.

> **രാജവാഴ്ചയിലേക്ക് വ്യതിചലിച്ച ഭരണ സംവിധാനത്തെ ഖുലഫാഉർശിദുകളുടെ മാതൃകയിലേക്ക് തിരിച്ച്കൊണ്ടുവരാൻ ശ്രമിച്ച ഉമറുബ്നു അബ്ദുൽ അസീസ് ഈ രംഗത്ത് അഗ്രിമസ്ഥാനത്ത് നിൽക്കുന്നു. ഇദ്ദേഹത്തിന്റെ ഇവ്വിഷയകമായ പരിഷ്കരണ പ്രവർത്തനങ്ങളാണ് പിൽക്കാലത്ത് രാഷ്ട്രീയ കർമ്മശാസ്ത്രത്തിന്റെ നിയമസ്രോതസ്സായി മാറിയത്.**

ഈ പ്രശ്നങ്ങളിലെല്ലാം താബിഇകളിലെ കർമ്മശാസ്ത്ര പണ്ഡിതന്മാർ ശരിയായ വീക്ഷണങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഹസൻ ബസ്വരി (മ.ഹി:110) സ

ഊദുബ്നു മുസയ്യബ് (ഹി:92) സഈദുബ്നു ജുബൈർ (ഹി:95) എന്നിവരാണ് ഇവരിൽ പ്രമുഖർ.(1)

രാജവാഴ്ചയിലേക്ക് വ്യതിചലിച്ച ഭരണ സംവിധാനത്തെ ഖുലഫാഉർശിദുകളുടെ മാതൃകയിലേക്ക് തിരിച്ച്കൊണ്ടുവരാൻ ശ്രമിച്ച ഉമറുബ്നു അബ്ദുൽ അസീസ് ഈ രംഗത്ത് അഗ്രിമസ്ഥാനത്ത് നിൽക്കുന്നു. ഇദ്ദേഹത്തിന്റെ ഇവ്വിഷയകമായ പരിഷ്കരണ പ്രവർത്തനങ്ങളാണ് പിൽക്കാലത്ത് രാഷ്ട്രീയ കർമ്മശാസ്ത്രത്തിന്റെ നിയമസ്രോതസ്സായി മാറിയത്. ഈ പരിശ്രമങ്ങളോടൊപ്പം തന്നെ രാഷ്ട്രീയ കർമ്മശാസ്ത്രം, അബൂഹനീഫഃ ശാഫിഈ, മാലിക്, അഹ്മദ് എന്നീ മദ്ഹബിന്റെ ഇമാമുകളുടെ കാലത്തേക്ക് കടന്നുവന്നു. അതോടെ ഫിഖ്ഹ് ക്രോഡീകരണം (تدوين) അധ്യായരീതി (تبويب) വിഷയക്രമരീതി (ترتيب) എന്നീ ഘട്ടങ്ങളിലേക്ക് പ്രവേശിച്ചു.

**രാഷ്ട്രീയ കർമ്മശാസ്ത്ര ക്രോഡീകരണത്തിലെ നാല് രീതികൾ:**(2)

(1) രാഷ്ട്രത്തെ കുറിച്ച ചർച്ചകളെ ഫിഖ്ഹിന്റെ മറ്റ് ശാഖകളിൽ രാഷ്ട്രവുമായി ബന്ധപ്പെട്ട് വരുന്ന ചർച്ചകളുമായി ചേർന്ന് ചർച്ച ചെയ്യുന്ന രീതി. ഇതിന് നല്ലൊരു ഉദാഹരണമാണ് അബൂഹനീഫയുടെ ശിഷ്യരിൽ പ്രമുഖനായ ഖാദി അബൂയൂസുഫിന്റെ (113-182. ഹി) 'കിതാബുൽ ഖറാജ്'. ഇതിൽ അദ്ദേഹം രാഷ്ട്രത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ കുറിച്ച ചർച്ചകളെ ഭരണാധികാരത്തെ കുറിച്ച ചർച്ചകളുമായി ചേർത്തു പറയുന്നത് കാണാം.

(2) രാഷ്ട്രീയ കർമ്മശാസ്ത്ര കാര്യങ്ങളെ മൊത്തം ഫിഖ്ഹിന്റെ ചർച്ചയിൽ ഉൾപ്പെടുത്തുക. മദ്ഹബുകളിലെ പ്രമുഖ ഗ്രന്ഥങ്ങളെല്ലാം ഇതിന് ഉദാഹരണമാണ്. പ്രത്യേകിച്ച് ഇമാം ശാഫിഈ (മ.ഹി:204) യുടെ 'കിതാബുൽ ഉമ്മ്'.

(3) രാഷ്ട്രീയ കർമ്മ ശാസ്ത്രത്തെക്കുറിച്ച് മാത്രം ഗ്രന്ഥങ്ങൾ രചിക്കുന്ന രീതി. ഈ ഇനത്തിലെ പ്രഥമ ഗ്രന്ഥം ഇമാം മാവർദി (മ. ഹി:450)യുടെ 'അൽ അഹ്കാമുസ്സുൽത്വാനിയ്യഃ'യാണ്. രാഷ്ട്രവുമായി മാത്രം ബന്ധപ്പെട്ട സൈനികവും, നിയമപരവും, സാമ്പത്തികവും, രാഷ്ട്രീയവുമായ എല്ലാ വ്യവസ്ഥകളും ഇതിൽ കൈകാര്യം ചെയ്തിരിക്കുന്നു.

(4) രാഷ്ട്രീയ കർമ്മശാസ്ത്രവിഷയങ്ങളിലെ ഓരോ വിഷയത്തെയും വെവ്വേറെ വിശദീകരിക്കുന്ന രീതി. അബൂ ഉബൈദ് ഖാസിമുബ്നു സലാം (മ.ഹി:224) രചിച്ച 'കിതാബുൽ അംവാൽ' ഈ ഇനത്തിലെ പ്രഥമ കൃതിയാണ്. രാഷ്ട്രീയ കർമ്മശാസ്ത്ര വിഷയകമായി വിരചിതമായ ആദ്യകാല ഗ്രന്ഥങ്ങളിൽ മുഖ്യമായവ താഴെ ചേർക്കുന്നു.

1) 'അൽ ഖറാജ്' അബൂ യൂസുഫ് യഅ്ഖൂബ്ബ്നു ഇബ്റാഹീം (മ.ഹി:182).

2) 'അസ്സിയറുൽ കബീർ' മുഹമ്മദ്ബ്നുൽ ഹസനി ശൈബാനി (മി. ഹി:189).

3) 'അൽ ഖറാജ്' യഹ്യബ്നു ആദം അൽ ഖുറശി (മ.ഹി:204).

4) 'അൽ അംവാൽ' അബൂ ഉബൈദ് ഖാസിം ബ്നു സലാം (മ.ഹി:224).

5) 'അൽ അഹ്കാമുസ്സുൽത്വാനിയ്യഃ അലിയ്യുബ്നു മുഹമ്മദ്ബ്നു ഹബീബിൽ മാവർദി (മ.ഹി:350).

6) 'ഖവാനീനുൽ വിസാറഃ അൽ മാവർദി (മ.ഹി:350).

7) 'അദബുൽ ഖാദീ' അൽ മാവർദി (മ.ഹി:350).

8) 'ഗിയാസുൽ ഉമം' അബുൽ മആലിൽ ജുവൈനി ഇമാമുൽ ഹറമൈൻ (മ.ഹി:478).

9) 'നിഹായത്തുർറുത്ത്ബഃ ഫീ ത്വലബിൽ ഹസബഃ' അശ്ശീറാസീ (മ.ഹി:589).

10) 'അൽ ഇഖ്ദുൽ ഫരീദ് ലിൽ മലികിസ്സഈദ്' മുഹമ്മദ് ബ്നു ത്വൽഹൽ ഖുറശീ (മ.ഹി:652).

11) 'അസ്സിയാസത്തുശ്ശർഇയ്യഃ ഇബ്നു തൈമിയ്യഃ (മ.ഹി:727)

12) 'അൽ ഹസബഃ ഫിൽ ഇസ്ലാം' ഇബ്നു തൈമിയ്യഃ (മ.ഹി:727)

13) 'മആലിമുൽ ഖുർബഃ ഫീ അഹ്കാമിൽ ഹസബഃ' ഇബ്നുൽ ഉഖുവ്വഃ (മ.ഹി:729)

14) 'അത്ത്വുറുഖുൽ ഹികമിയ്യഃ ഫിസ്സിയാസത്തിശ്ശർഇയ്യഃ' ഇബ്നുൽ ഖയ്യിം (മ.ഹി:751).

15) 'അഹ്കാമു അഹ്ലിദ്ദിമ്മഃ' ഇബ്നുൽ ഖയ്യിം.

16) തബ്സ്വിറത്തുൽ ഹുക്കാം ഫീ ഉസ്വൂലിൽ അഖ്ദിയത്തി വമനാഹിജിൽ അഹ്കാം. ഇബ്നു ഫർഹൂനിൽ മാലികി (മ.ഹി:799).

17) തഹ്രീറുൽ ഇസ്ലാം ഫീ തദ്ബീരി അഹ്ലിൽ ഇസ്ലാം. ഇസ്സുദ്ദീൻ ഇബ്നു ജമാഅഃ (ഹി.819).

18) ലിസാനുൽ ഹുക്കാം ഫീ മഅ്രിഫത്തിൽ അഹ്കാം. ഇബ്നുസ്സഹ്നഃ (മ.ഹി.882).

19) മുഈനുൽ ഹുക്കാം ഫീ മാ തറദ്ദദ ബൈനൽ ഖസ്മൈൻ മിനൽ അഹ്കാം (മ.ഹി.824).

പ്രസ്തുത കൃതികൾ രാഷ്ട്രീയം മാത്രമല്ല. അതുമായി ബന്ധപ്പെട്ട സാമ്പത്തിക -നീതിന്യായ വിഷയങ്ങളും ചർച്ച ചെയ്യുന്നുണ്ട്.

**പ്രശസ്ത കർമ്മശാസ്ത്ര പണ്ഡിതരും ഗ്രന്ഥങ്ങളും**

**അബൂ യൂസുഫ് - കിതാബുൽ ഖറാജ്**(3)

അബൂ യൂസുഫ് യഅ്ഖൂബുബ്നു ഇബ്റാഹീം ഒരു സ്വഹാബി വര്യന്റെ വംശജനാണ്. ഹിജ്റഃ 113 ൽ ഉന്നത വൈജ്ഞാനിക കേന്ദ്രമായ കൂഫയിൽ ജനിച്ച് 182-ൽ മരണമടഞ്ഞു. ആ കാലഘട്ടത്തിലെ ഉന്നതരായ പണ്ഡിതന്മാരുടെ ശിഷ്യത്വം സ്വീകരിച്ചു. അബൂഹനീ

ഫ(റ)യുടെ ശിഷ്യരിൽ അതിപ്രഗത്ഭനായിരുന്നു അബൂ യൂസുഫ്. അബൂഹനീഫയുടെ ഫിഖ്ഹ് ക്രോഡീകരിച്ചതും അദ്ദേഹത്തിന്റെ മദ്ഹബ് പ്രചരിപ്പിച്ചതും അബൂ യൂസുഫായിരുന്നു. അബ്ബാസീ ഭരണത്തിൽ ഹാറൂൻ റ ശീദ് ഉന്നത ന്യായാധിപനായി ഇദ്ദേഹത്തെ നിയമിച്ചു. നീതി പൂർണ്ണമായ വിധിന്യായങ്ങളും മൂല്യബദ്ധമായ ജീവിതവും അദ്ദേഹത്തെ പ്രസിദ്ധനാക്കി. മുസ്‌ലിം സമുദായത്തെ ഹനഫീ കർമ്മശാസ്ത്രം എന്ന ഒറ്റ നിയമവ്യവസ്ഥയുടെ മേൽ ഐക്യപ്പെടുത്തി നിർത്താൻ സാധിച്ചു എന്നതാണ് ഈ മേഖലയിലെ അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന. ഭരണാധികാരികളുടെ സ്വേഛാധിപത്യപ്രവണതകളുടെ ഫലമായി നിലനിന്നിരുന്ന നിയമപരമായ അരക്ഷിതാവസ്ഥക്ക് അദ്ദേഹം അന്ത്യം കുറിച്ചു. തന്റെ കർമ്മശാസ്ത്ര പാഠശാലയിൽ നിന്ന് സ്വാത്വികരായ വിധികർത്താക്കളെ വളർത്തിയെടുക്കാൻ അദ്ദേഹത്തിനു സാധിച്ചു.

അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഗ്രന്ഥം 'കിതാബുൽ ഖറാജ്' ആണ്. ഖറാജ് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് 'ഭൂമിയുടെ ടാക്സ്' എന്നാണ്. എന്നാൽ അബൂയൂസുഫ് പ്രസ്തുത പദത്തെ വ്യാപകമായ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. ഈ അർത്ഥമാണ് ആ കാലഘട്ടത്തിൽ വ്യാപകമായി പ്രചാരത്തിലുണ്ടായിരുന്നത്. അതായത് രാഷ്ട്രത്തിന്റെ സാമ്പത്തിക വരുമാനങ്ങളെ സൂചിപ്പിക്കുന്നത്. ഹാറൂൻ റശീദിന്റെ നിർബന്ധപ്രകാരമാണ് അബൂയൂസുഫ് പ്രസ്തുത ഗ്രന്ഥം രചിച്ചത്. രാഷ്ട്രത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്ന് വിധി പ്രഖ്യാപിക്കുന്ന ന്യായാധിപന്മാരുടെ സ്ഥാനത്താണ് പ്രസ്തുത ഗ്രന്ഥം നിലകൊള്ളുന്നത്.(4)

രാഷ്ട്രവും അതിന്റെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് അദ്ദേഹം സമർപ്പിക്കുന്ന മുഖ്യമായ അടിസ്ഥാനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.(5)

1) നിയമപരമായ പാഠങ്ങളുടെ മുൻമാതൃകകളായിട്ട് ഖുലഫാഉർറാശിദുകളുടെ ഭരണകൂടങ്ങളെയാണ് അബൂയൂസുഫ് അവതരിപ്പിക്കുന്നത്. ബനൂ ഉമയ്യയുടെയോ ബനൂ അബ്ബാസിന്റെയോ ഭരണക്രമങ്ങളെ ഒരിക്കലും അദ്ദേഹം അവലംബിച്ചില്ല. ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ട്, ഇസ്‌ലാമിക ശരീഅത്തുമായി യോജിക്കാത്ത എല്ലാ ഭരണകൂടങ്ങളുടെയും ഇടപാടുകളെ അദ്ദേഹം അപ്രസക്തമായികണ്ടു.

2) മുസ്‌ലിംകൾക്ക് അവരുടെ ഭരണാധികാരികളെ സ്വതന്ത്രമായി നിരൂപണം ചെയ്യാനുള്ള അവകാശമുണ്ട്. നിരൂപണ സ്വാതന്ത്ര്യം ജനങ്ങൾക്കും ഭരണകൂടത്തിനും ഒരുപോലെ ഗുണം ചെയ്യുന്നതാണ്. ഭരണാധികാരിയെ വിചാരണ ചെയ്യേണ്ടതും അല്ലാഹു അവർക്ക് നിയമമാക്കിയ അവകാശങ്ങളെ കുറിച്ച് ചോദിക്കേണ്ടതും മുസ്‌ലിംകളുടെ ബാധ്യതയാണ്.

3) രാഷ്ട്രത്തിന്റെ പൊതു ഖജനാവ് (بيت المال) വിനിയോഗിക്കുന്നതിൽ ശർഈ നിബന്ധനകൾ പാലിക്കണമെന്നും, വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടി രാഷ്ട്രത്തിന്റെ സമ്പത്ത് ചിലവഴിക്കരുതെന്നും ഭരണാധികാരികൾക്ക് മുന്നറിയിപ്പ് നൽകുന്നു. നിയമപരമായ നികുതിയുടെ വ്യവസ്ഥകളും വിശദീകരിക്കുന്നു.

4) രാഷ്ട്രത്തിലെ അമുസ്‌ലിം ന്യൂനപക്ഷങ്ങളുമായി ഇടപഴകുന്നതിന്റെ അടിസ്ഥാനങ്ങൾ വിശദീകരിക്കുന്നു. ഉമറി(റ)ന്റെ കാലത്ത് ക്രൈസ്തവ ന്യൂനപക്ഷങ്ങളുമായി നല്ല ബന്ധം നിലനിർത്തിയതിനാൽ അവർ രാഷ്ട്രത്തോട് ആത്മാർത്ഥതയും പ്രതിബദ്ധതയും പുലർത്തി. അതുകൊണ്ട് തന്നെ സ്വന്തം മതാനുയായികൾ ജീവിക്കുന്ന റോമിനെതിരെ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭാഗത്ത് നിലയുറപ്പിക്കാൻ ക്രൈസ്തവർ സന്നദ്ധരായി.

5) ഭരണത്തിൽ അക്രമികളെയും വഞ്ചകരെയും നിയമിക്കരുതെന്ന് ഹാറൂൻ റശീദിനെ അദ്ദേഹം ഉപദേശിക്കുന്നു. അവരുടെ യോഗ്യത മാത്രമല്ല ധാർമ്മികതയും ഉറപ്പ് വരുത്തിയിട്ടായിരിക്കണം ജോലിയിൽ നിയമിക്കേണ്ടത്. ശേഷം അവരുടെ വ്യതിചലനങ്ങൾ വിചാരണ ചെയ്യാൻ സംവിധാനങ്ങളുണ്ടാക്കണം.

**സ്വന്തം നിലയിൽ കർമ്മശാസ്ത്ര വിജ്ഞാന വിശാരദരായിരുന്നുവെങ്കിലും കൂട്ടായ ശൂറാ (കൂടിയാലോചന) രീതിയിലാണ് അവർ ഇജ്തിഹാദുകൾ നടത്തിയിരുന്നതെന്നത് ശ്രദ്ധേയമാണ്. ഈ ഇജ്തിഹാദുകളിലൂടെ ആവിഷ്കൃതമായ കണ്ടെത്തലുകൾ രാഷ്ട്രത്തെ ഭരിക്കുന്ന നിയമങ്ങളായി. ഖുലഫാഉർറാശിദുകളുടെ കാലശേഷം ഈ രണ്ട് സവിശേഷതകൾ വലിയൊരളവോളം ഇല്ലാതായി. രാഷ്ട്രീയമുൾപ്പെടെ സകല കർമ്മശാസ്ത്ര ശാഖകളും വ്യക്തികളുടെ നിയന്ത്രണത്തിലായി. ശരീഅത്തിലധിഷ്ഠിത ശൂറാ സംവിധാനം വിനഷ്ടമായി. രാഷ്ട്ര നിയമങ്ങൾ പണ്ഡിതാഭിപ്രായങ്ങൾക്ക് വിധേയമല്ലാതായി.**

6) വിധിന്യായത്തിൽ നീതി അനിവാര്യമാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിൽ ആരെയും പിടികൂടരുതെന്നും ജയിലിലടക്കുന്നവരുടെ കാര്യത്തിൽ സൂക്ഷ്മമായ അറിവ് ആവശ്യമാണെന്നും വ്യക്തമാക്കുന്നു. ജയിൽ വ്യവസ്ഥ പരിഷ്കരിക്കുന്നതിന്നായി മുഖ്യമായ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

**2. ശൈബാനിയും അദ്ദേഹത്തിന്റെ ഗ്രന്ഥമായ അസ്സിയറുൽ കബീറും(7)**

മുഹമ്മദ്ബ്നു ഹസനിശ്ശൈബാനി ഹിജ്റഃ 132 ലാണ് ജനിച്ചത്. കൂഫയിൽ വളർന്ന അദ്ദേഹം ഇമാം അബൂഹനീഫയുടെ ശിഷ്യത്വം സ്വീകരിച്ചു. അദ്ദേഹ

ത്തിന്റെ സംസ്കാരം രൂപവൽകരിക്കുന്നതിൽ അബൂഹനീഫയുടെ സ്വാധീനം വലുതായിരുന്നു. വൈജ്ഞാനികമായി പ്രസിദ്ധനായ അദ്ദേഹം അബൂഹനീഫയുടെ ശിഷ്യന്മാരിൽ അബൂയൂസുഫിന് ശേഷം ദ്വിതീയ സ്ഥാനത്തിന്നുടമയായിരുന്നു. രണ്ടുതവണ ന്യായാധിപ സ്ഥാനമേറ്റ അദ്ദേഹം ഹിജ്റഃ 189 ൽ നിര്യാതനായി.

ഉമറുശ്ശൈബാനിയുടെ മഹത്തായ രണ്ട് ശേഷിപ്പുകൾ ഇവയാണ്.

1) അദ്ദേഹത്തിന്റേതായി ധാരാളം കർമ്മശാസ്ത്ര സംഭാവനകളുണ്ട്. രണ്ടാം നൂറ്റാണ്ടിലെ കർമ്മശാസ്ത്ര പണ്ഡിതന്മാരിൽ ഏറ്റവും കൂടുതൽ സൃഷ്ടികൾ ഇദ്ദേഹത്തിന്റേതായിരുന്നു. അത് വഴി ഹനഫീ മദ്ഹബിന്ന് ഏറെ പ്രചാരം ലഭിച്ചു.

2) സമഗ്രമായി ക്രോഡീകരിക്കപ്പെട്ട പ്രഥമ കർമശാസ്ത്ര ഗ്രന്ഥം ഇദ്ദേഹത്തിന്റെതായിട്ടാണ് പരിഗണിക്കപ്പെടുന്നത്. ഇതിന്റെ ചുവടുപിടിച്ചാണ് പിൽക്കാലത്ത് കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ വിരചിതമായത്.

**ഉമറി(റ)ന്റെ കാലത്ത് ക്രൈസ്തവ ന്യൂനപക്ഷങ്ങളുമായി നല്ല ബന്ധം നിലനിർത്തിയതിനാൽ അവർ രാഷ്ട്രത്തോട് ആത്മാർത്ഥതയും പ്രതിബദ്ധതയും പുലർത്തി. അതുകൊണ്ട് തന്നെ സ്വന്തം മതാനുയായികൾ ജീവിക്കുന്ന റോമിനെതിരെ ഇസ്ലാമിക രാഷ്ട്രത്തിന്റെ ഭാഗത്ത് നിലയുറപ്പിക്കാൻ ക്രൈസ്തവർ സന്നദ്ധരായി.**

സിയർ (سِيَر) എന്ന പദം സീറത്ത് (سيرة) എന്നതിന്റെ ബഹുവചനമാണ്. യുദ്ധത്തിന്റെയും സമാധാനത്തിന്റെയും സന്ദർഭങ്ങളിൽ മുസ്ലിംകൾക്കും അല്ലാത്തവർക്കുമിടയിലുള്ള ബന്ധങ്ങളുടെ കർമ്മശാസ്ത്രത്തിന് പറയുന്ന ഇസ്ലാമിക സാങ്കേതിക ശബ്ദമാണ് പ്രസ്തുത പദം. ഈ കർമ്മശാസ്ത്രത്തിന്റെ ആദ്യ സ്രോതസ്സ് പ്രവാചകന്റെയും ഖുലഫാഉർറാശിദുകളുടെയും ജീവിതത്തിന്റെയും യുദ്ധങ്ങളുടെയും ചരിത്രമാണ്. അതിൽ നിന്നാണ് പ്രസ്തുത സാങ്കേതിക ശബ്ദം വികസിച്ചുവന്നത്. 'അസ്സിയറുൽ കബീറി'ലെ ആദ്യ വിഷയങ്ങൾ ഇമാം അബൂഹനീഫ വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്ത കാര്യങ്ങളായിരുന്നു. ഇമാം ശൈബാനി അദ്ദേഹത്തിൽ നിന്ന് അത് ഉദ്ധരിച്ച് 'അസ്സിയറുൽ കബീർ' എന്ന പേരിൽ രൂപപ്പെടുത്തി. പിന്നെ അത് സംശോധന നടത്തി കൂടുതൽ കാര്യങ്ങൾ കൂട്ടിച്ചേർത്തു. അങ്ങനെയാണത് 'അസ്സിയറുൽ കബീർ' ആയത്. താഴെ പറയുന്ന ഇസ്ലാമിന്റെ അടിസ്ഥാന മൂല്യങ്ങളാണ് തന്റെ കൃതിയിൽ അദ്ദേഹം കൈകാര്യം ചെയ്തത്.

1) സന്ധിയുടെയും സമാധാനത്തിന്റെയും സന്ദർഭങ്ങളിലെ അമുസ്ലിംകളുമായുള്ള ബന്ധങ്ങളെ വ്യവസ്ഥപ്പെടുത്തുന്നു. ഇത് മൂന്നു വിധമാണ്. ഇസ്ലാമിക രാഷ്ട്രത്തിൽ താൽകാലികമായോ സ്ഥിരമായോ ജീവിക്കുന്ന അമുസ്ലിം ന്യൂനപക്ഷങ്ങൾ. രാഷ്ട്രത്തിന് പുറത്തുള്ള മുസ്ലിം ന്യൂനപക്ഷങ്ങൾ.

2) വൈദേശിക യുദ്ധങ്ങളെ വ്യവസ്ഥപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുക. യുദ്ധത്തിന്റെ അടിസ്ഥാനങ്ങളും ബന്ദികളിലും യുദ്ധമുതലുകളിലും അത് ചെലുത്തുന്ന സ്വാധീനവും യുദ്ധം അവസാനിപ്പിക്കാനുള്ള മാർഗ്ഗങ്ങളും യുദ്ധാനന്തര ഫലങ്ങളും വിശദീകരിക്കുന്നു.

3) മതപരിത്യാഗികളോടും അക്രമികളോടും യുദ്ധം ചെയ്യുന്നതടക്കമുള്ള ആഭ്യന്തര യുദ്ധങ്ങൾ.

ഈ സമഗ്രത കൊണ്ടാണ് രാഷ്ട്രബന്ധങ്ങളെ കുറിച്ച് രചിക്കപ്പെട്ട ഗ്രന്ഥങ്ങളിലെ ആദ്യ ഗ്രന്ഥമായി ഇത് പരിഗണിക്കപ്പെടുന്നത്. ഹിജ്റഃ അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച ഹനഫീ പണ്ഡിതനായ ഇമാം സർഖസി ഇതിന് വ്യാഖ്യാനം രചിച്ചിട്ടുണ്ട്.[8]

### 3. അബൂ ഉബൈദുൽ ഖാസിമും അദ്ദേഹത്തിന്റെ ഗ്രന്ഥമായ 'കിതാബുൽ അംവാലും'[9]

അബൂ ഉബൈദുൽ ഖാസിമുബ്നു സലാം, രാഷ്ട്രീയ കർമ്മ ശാസ്ത്രത്തിലെ ആദ്യ രചയിതാക്കളിലൊരാളാണ്. രാഷ്ട്ര വ്യവസ്ഥയെക്കുറിച്ച് വിരചിതമായ ഗ്രന്ഥങ്ങളിൽ വളരെ നല്ല ഗ്രന്ഥമാണ് 'കിതാബുൽ അംവാൽ'. ഖുർആൻ പാരായണ ശാസ്ത്രത്തിലും തഫ്സീറിലും ഹദീസിലും അഗാധ പണ്ഡിതനായിരുന്നു അദ്ദേഹം. 'ഗരീബുൽ ഹദീസ്' എന്ന ഗ്രന്ഥത്തിലൂടെയാണ് അദ്ദേഹം പ്രശസ്തിയിലേക്കുയർന്നത്. നാൽപത് വർഷത്തെ രചനക്കും സംശോധനക്കും ശേഷമാണ് പ്രസ്തുത കൃതി പൂർത്തിയാക്കിയത്. ഗവൺമെന്റിന് കീഴിൽ ത്വർതൂസിലെ ന്യായാധിപസ്ഥാനം അദ്ദേഹം വഹിക്കുകയുണ്ടായി. ഹിജ്റ 224 ൽ മക്കയിൽവെച്ച് ഹജ്ജ് വേളയിൽ അദ്ദേഹം നിര്യാതനായി.

രാഷ്ട്രത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ കുറിച്ചും അത് വിനിയോഗിക്കേണ്ടതിന്റെ രീതികളെക്കുറിച്ചുമാണ് 'കിതാബുൽ അംവാൽ' ചർച്ച ചെയ്യുന്നത്. അതിലെ പ്രധാന വിഷയമായി ധാരാളം ഹദീസുകളും റിപ്പോർട്ടുകളും അനവധി കത്തുകളും ഉടമ്പടികളും അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. ഇതെല്ലാം ഇസ്ലാമിന്റെ ആദ്യ കാലത്തെ ദൃഢമായ രേഖകളായിരുന്നു. രാഷ്ട്രീയ കർമ്മശാസ്ത്രത്തിൽ പിൽകാലത്ത് എഴുതപ്പെട്ട ഒരു ഗ്രന്ഥവും ഇതിൽ നിന്ന് ആശയം സ്വീകരിക്കാതെ പുറത്തിറങ്ങിയിട്ടില്ല.

### 4. ഇമാം മാവർദിയും രചനകളും[10]

ഇമാം മാവർദിയുടെ രാഷ്ട്രീയ കർമശാസ്ത്ര

ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രസിദ്ധമായത് 'അൽ അഹ്കാമുസ്സുൽതാനിയ്യഃ'യാണ്. തന്റെ കാലഘട്ടത്തിലെ 'ശാഫിഈ' മദ്ഹബിന്റെ ഇമാമായിരുന്നു അദ്ദേഹം. അലിയ്യുബ്നു മുഹമ്മദ്ബ്നു ഹബീബ് എന്നാണ് അദ്ദേഹത്തിന്റെ പൂർണനാമം. ഹിജ്റ 364 ൽ ബസ്റഃയിൽ ജനിച്ചു. അവിടെ വെച്ചു വിജ്ഞാനം കരസ്ഥമാക്കുകയും ബഗ്ദാദിൽ വെച്ച് ബിരുദം നേടുകയും ചെയ്തു. ധാരാളം പ്രദേശങ്ങളിൽ ന്യായാധിപനായി നിയമിതനായ ശേഷം ഉന്നത ന്യായാധിപസ്ഥാനം വഹിച്ചു. മതനിഷ്ഠയും സ്വഭാവഗുണങ്ങളും ഒത്തിണങ്ങിയ അദ്ദേഹത്തിന് പ്രസ്തുത കാലഘട്ടത്തിലെ ഭരണാധികാരിയുമായും രാഷ്ട്ര നേതാക്കളുമായും ദൃഢമായ ബന്ധമുണ്ടായിരുന്നു. ഭരണാധികാരിക്ക് അദ്ദേഹത്തിൽ വിശ്വാസമുള്ളതുകൊണ്ട് തന്റെയും ബനൂ ബുവൈഹി (അബ്ബാസീ കാലത്തെ മഹാ കുടുംബം) ന്റെയും സൽജൂക്കികളുടെയും ഇടയിൽ അംബാസഡറായിട്ട് അദ്ദേഹത്തെ നിയമിച്ചിരുന്നു. ഇവരുടെ കൈകളിലായിരുന്നു രാഷ്ട്രത്തിന്റെ ശക്തിസ്രോതസ്സ്. തന്റെ ഉന്നതമായ സംസ്കാരവും വൈവിധ്യമാർന്ന ഉദ്യോഗങ്ങളും രാഷ്ട്ര നേതാക്കൻമാരുമായുള്ള അടുത്ത ബന്ധവും രാഷ്ട്രീയത്തിലുള്ള നൈപുണിയുമാണ് രാഷ്ട്രീയ കർമ്മശാസ്ത്രത്തിൽ പുസ്തകം രചിക്കാൻ അദ്ദേഹത്തിന് യോഗ്യത നേടിക്കൊടുത്തത്. വ്യത്യസ്തമായ വൈജ്ഞാനിക ശാഖകളിൽ അനവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിനുണ്ട്. രാഷ്ട്രീയ കർമ്മശാസ്ത്രത്തിൽ മാത്രം നാല് ഗ്രന്ഥങ്ങളുണ്ട്. പ്രസ്തുത ഗ്രന്ഥം ഇമാമത്തിനെ (നേതൃത്വം) കുറിച്ചുള്ള വിശദീകരണവും ഈ മുഖ്യമായ സ്ഥാനം വഹിക്കാൻ വേണ്ട യോഗ്യതകളും ഇമാമിനെ നിർണ്ണയിക്കാനുള്ള ശരിയായ മാർഗ്ഗങ്ങളും വ്യക്തമാക്കുന്നു. പിന്നെ രാഷ്ട്രത്തിന്റെ ഉത്തരവാദിത്തങ്ങളും ജനങ്ങൾക്ക് അതിനോടുള്ള ഉത്തരവാദിത്തങ്ങളും ഇമാമിന്റെ സ്ഥാന ഭ്രഷ്ടിലേക്ക് നയിക്കുന്ന കാര്യങ്ങളും വിശദീകരിക്കുന്നു. മന്ത്രിസഭയെ കുറിച്ചും നേതൃത്വത്തെ കുറിച്ചുമുള്ള വിശദീകരണം നൽകിയതിന് ശേഷം പ്രസ്തുത കാര്യങ്ങളുടെ ഇനങ്ങളും വകുപ്പുകളും അത് ഏറ്റെടുക്കാൻ വേണ്ട യോഗ്യതകളും ചർച്ച ചെയ്യുന്നു. പിന്നെ രാഷ്ട്രത്തിന്റെ സാമ്പത്തികവും വിധിന്യായപരവും സൈനികവുമായ സംവിധാനങ്ങളെ കുറിച്ച് വിശദമായ ചർച്ചകൾ നടത്തുന്നു.

മൊത്തത്തിൽ ഗ്രന്ഥത്തിന്റെ മുഖവുരയെ താഴെ പറയുന്ന പോയന്റുകളിൽ സംഗ്രഹിക്കാവുന്നതാണ്.

1) പ്രസ്തുത ഗ്രന്ഥം രചിക്കപ്പെട്ടത്, കർമ്മശാസ്ത്ര മദ്ഹബുകൾക്ക് അസ്ഥിവാരമിടുകയും അവ പരസ്പരം വിഭിന്നമാകുകയും ചെയ്ത ഹിജ്റഃ അഞ്ചാം നൂറ്റാണ്ടിലാണ്. അതുകൊണ്ട് തന്നെ ഗ്രന്ഥത്തിൽ കർമ്മശാസ്ത്ര പണ്ഡിതൻമാരുടെ അഭിപ്രായങ്ങളും അവരുടെ നിരീക്ഷണങ്ങളുടെ സംഗ്രഹങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ ഇമാം മാവർദിയുടേതായ ഇജ്തിഹാദ് ഏതെന്ന് പ്രത്യേകമായി തിരിച്ചറിയുന്നില്ല.

ഇമാം മാവർദിയുടെ രചനകളിൽ 'അൽ അഹ്കാമുൽസ്സുൽത്വാനിയ്യഃ' വ്യാപകമായ പ്രസിദ്ധി നേടി. ഒറ്റ ഗ്രന്ഥത്തിൽ വ്യത്യസ്തമായ സന്ദർഭങ്ങളിൽ പരാമർശിക്കപ്പെട്ട രാഷ്ട്രീയ കർമ്മശാസ്ത്ര പ്രശ്നങ്ങളുടെ ആദ്യ സമാഹാരമായി ഇത് ഗണിക്കപ്പെടുന്നു. ഇതിനെക്കുറിച്ച് പ്രസ്തുത ഗ്രന്ഥത്തിന്റെ മുഖവുരയിൽ അദ്ദേഹം പറയുന്നു: 'അൽ അഹ്കാമുൽസ്സുൽത്വാനിയ്യഃ' ഭരണ കർത്താക്കൾക്ക് ഏറ്റവും പ്രയോജനം ചെയ്യുന്നതാണ്: എല്ലാ തരം വിധികളുമായി അത് കൂടിക്കലർന്നിരിക്കുന്നു. രാഷ്ട്രീയത്തിലും ഭരണ നിർവ്വഹണത്തിലും വ്യാപൃതരായതുകൊണ്ട് വിധികൾ പരതുവാൻ കഴിയാത്ത ഭരണ കർത്താക്കൾക്കായി അതിൽ മാത്രം ഒരു ഗ്രന്ഥം ഞാൻ രചിക്കുകയായിരുന്നു.(11)

ആ കാലത്തെ ഭരണാധികാരിയുടെ കൽപ്പനപ്ര

**മാവർദിയുടെ 'ഖവാനീനുൽ വിസാറഃ' (മന്ത്രാലയത്തിന്റെ നിയമങ്ങൾ) എന്ന രണ്ടാം കൃതി രാഷ്ട്രീയ കർമശാസ്ത്രത്തിന്റെ ചില വിഷയങ്ങളും സവിശേഷം കൈകാര്യം ചെയ്യുന്നതാണ്. മന്ത്രാലയത്തിന്റെ കർമശാസ്ത്രം, മന്ത്രാലയത്തിന്റെ നിർവചനം, വകുപ്പുകൾ, മന്ത്രിമാരുടെ യോഗ്യതകൾ, ജോലികൾ, നേതാവുമായുള്ള അവരുടെ ബന്ധം, ജോലികൾ നിർവഹിക്കുന്നതിന് അവരെ സഹായിക്കുന്ന കാര്യങ്ങൾ മുതലായവ ഗ്രന്ഥകാരൻ ചർച്ചചെയ്യുന്നു. മന്ത്രാലയങ്ങളുടെ ലക്ഷ്യങ്ങളായി മാവർദി നിർണയിക്കുന്നത് ഇവയാണ്: പിന്തുടരപ്പെടുന്ന ദീൻ, അധികാരവാഴ്ചയുള്ള ഭരണാധിപൻ, സമഗ്രമായ നീതി, സമഗ്രമായ നിർഭയത്വം, സ്ഥായിയായ ക്ഷേമം.**

കാരമാണ് പ്രസ്തുത ഗ്രന്ഥം അദ്ദേഹം രചിക്കുന്നത്. അത് വെറും തത്വങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫിഖ്ഹ് ഗ്രന്ഥമല്ല. പ്രസ്തുത പ്രവൃത്തി പ്രയോഗതലങ്ങളിൽ അധികാരം നടപ്പിലാക്കാനുള്ളതാണ്.

2) ഫിഖ്ഹീ അഭിപ്രായങ്ങളെ മൊത്തമായി സ്വാംശീകരിക്കാൻ മാവർദി ശ്രമിച്ചിട്ടുണ്ട്. അവ ആരിൽ നിന്നൊക്കെ കണ്ടെടുത്തു എന്ന് പലസ്ഥലങ്ങളിലും അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. താരതമ്യപഠന രീതിയാണ് അദ്ദേഹം സ്വീകരിച്ചത്. ഏതെങ്കിലും ഒരു മദ്ഹബിനെ എടുത്തുദ്ധരിക്കുന്നതിന് പകരം എല്ലാ മദ്ഹബുകളെയും താരതമ്യ വിധേയമാക്കുകയാണുണ്ടായത്. അഭിപ്രായങ്ങൾക്കാധാരമായ തെളിവുകൾ ഖുർആൻ, സുന്നത്ത്, സ്വഹാബികളുടെയും താബിഉകളുടെയും അഭിപ്രായ

ങ്ങൾ, മുൻഭരണാധികാരികളുടെ പ്രവർത്തനങ്ങൾ എന്നിവയിൽ നിന്ന് ഉദ്ധരിച്ചിരിക്കുന്നു.

4) എല്ലാ വിഷയങ്ങളും ഒരു ഗ്രന്ഥത്തിലായി സമാഹരിക്കാനായി വാചകങ്ങളും തെളിവുകളും പരമാവധി സംഗ്രഹിച്ചൊതുക്കി.

5) അബ്ബാസി ഖിലാഫത്ത് അതീവ ദുർബലമായ അവസാന ഘട്ടത്തിൽ ശരിയായ ഇസ്‌ലാമിക ദർശനവും രാഷ്ട്രത്തിന്റെ അവസ്ഥയും തമ്മിൽ വല്ലാത്ത വിടവുണ്ടായപ്പോൾ, അന്നത്തെ രാഷ്ട്ര വ്യവസ്ഥയെ സൈദ്ധാന്തികമായി അവലോകനം ചെയ്യുന്ന രീതിയാണ് അദ്ദേഹം സ്വീകരിച്ചത്. ഖലീഫ നേരിട്ടു ഭരിക്കുന്നതിനു പകരം, അദ്ദേഹത്തിന്റെ ഉപസ്ഥാനീയനോ, സമിതിയോ ഭരിക്കുന്നതിന്റെ നിയമാനുസൃതത്വം അദ്ദേഹം ചർച്ച ചെയ്തു. (അന്നത്തെ ഖിലാഫത്തിന്റെ അവസ്ഥ അതായിരുന്നു) ശീഈകളായ ബുവൈഹ്‌വംശം അബ്ബാസി ഖലീഫഃയെ അധികാരമില്ലാത്ത നോക്കുകുത്തിയാക്കിയ ശേഷം കയ്യടക്കുകയായിരുന്നു. ഇതിനെ അദ്ദേഹം 'ഇമാറത്തുൽ ഇസ്തീലാഅ്' എന്നുവിളിച്ചു.(12) രാഷ്ട്രത്തിലെ പല മേഖലകളിലെയും ഭരണാധികാരികൾ ബലം പ്രയോഗിച്ച് അധികാരം പിടിച്ചടക്കി. തങ്ങളുടെ ഭരണം അംഗീകരിക്കണമെന്ന് ഖലീഫയോട് ആവശ്യപ്പെടുകയായിരുന്നു. മേൽ രണ്ടു സ്ഥിതിഗതികളും അനുവദനീയമാണെന്ന നിലപാടിലേക്ക് അദ്ദേഹം എത്തിയതിന്റെ പേരിൽ, അക്രമപരമായ ഭരണവാഴ്ചയ്ക്ക് നിയമപരമായ സാധൂകരണം നൽകാൻ അദ്ദേഹം ശ്രമിച്ചതായി തെറ്റിദ്ധരിക്കപ്പെട്ടു. യഥാർത്ഥത്തിൽ അദ്ദേഹം അവിടത്തെ സാഹചര്യങ്ങളെ ഇടക്കാല അനുഭവം എന്ന നിലയിലെ കണ്ടിട്ടുള്ളൂ എന്നതാണ് വാസ്തവം. അതിനെപറ്റിയും അതിന്റെ നിയമാനുസൃതത്തെ പറ്റിയും നിർബന്ധിതാവസ്ഥയിലെ വിധികൾ എന്ന നിലയിലാണ് അദ്ദേഹം കൈകാര്യം ചെയ്തിട്ടുള്ളത്.

മാവർദിയുടെ 'ഖവാനീനുൽ വിസാറഃ' (മന്ത്രാലയത്തിന്റെ നിയമങ്ങൾ) എന്ന രണ്ടാം കൃതി രാഷ്ട്രീയ കർമശാസ്ത്രത്തിന്റെ ചില വിഷയങ്ങളും സവിശേഷം കൈകാര്യം ചെയ്യുന്നതാണ്. മന്ത്രാലയത്തിന്റെ കർമശാസ്ത്രം, മന്ത്രാലയത്തിന്റെ നിർവചനം, വകുപ്പുകൾ, മന്ത്രിമാരുടെ യോഗ്യതകൾ, ജോലികൾ, നേതാവുമായുള്ള അവരുടെ ബന്ധം, ജോലികൾ നിർവഹിക്കുന്നതിന് അവരെ സഹായിക്കുന്ന കാര്യങ്ങൾ മുതലായവ ഗ്രന്ഥകാരൻ ചർച്ചചെയ്യുന്നു. മന്ത്രാലയങ്ങളുടെ ലക്ഷ്യങ്ങളായി മാവർദി നിർണയിക്കുന്നത് ഇവയാണ്:

(دين متبع، سلطان قاهر، عدل شامل، أمن عام، خصب دائم،)

പിന്തുടരപ്പെടുന്ന ദീൻ, അധികാരവാഴ്ചയുള്ള ഭരണാധിപൻ, സമഗ്രമായ നീതി, സമഗ്രമായ നിർഭയത്വം, സ്ഥായിയായ ക്ഷേമം.

മാവർദിയുടെ മറ്റു രണ്ടു ഗ്രന്ഥങ്ങൾ -'നസ്വീഹത്തുൽ മുലൂക്' 'തസ്ഹീലുള്ളഫ്ർ' - രാഷ്ട്രീയ സദാചാരസംബന്ധിയാണ്, കർമശാസ്ത്രത്തിൽ വരുന്നതല്ല.

**5) അബൂയഅ്‌ലായുടെ 'അൽ അഹ്കാമുസ്സുൽത്വാനിയ്യഃ'**(13)

അബൂയഅ്‌ലാ മുഹമ്മദ് ബ്നുൽ ഹുസൈൻ അൽ ഫർറാഅ് ഹി:380 ൽ ബഗ്ദാദിൽ ജനിച്ചു. തന്റെ കാലത്തെ ഹമ്പലീ മദ്ഹബിലെ പ്രമുഖപണ്ഡിതനായിരുന്നു. ഹനഫി ഫിഖ്ഹിലുൾപ്പെടെ ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും മിക്കതും ലഭ്യമല്ല. മാവർദി നിര്യാതനായി എട്ടുവർഷം കഴിഞ്ഞ് മരിച്ച അബൂയഅ്‌ലായുടെ 'അൽ അഹ്കാമുസ്സുൽത്വാനിയ്യഃ; അതേപേരിലുള്ള മാവർദിയുടെ കൃതിയുമായി വലിയ പരിധിയോളം സാധർമ്യം പുലർത്തുന്നുണ്ട്. തലവാചകം, അധ്യായവൽക്കരണം, ടെക്സ്റ്റ് എന്നിവയിൽ രണ്ടും തമ്മിൽ വലിയ യോജിപ്പുണ്ട്. മാവർദിയുടേത് ഹമ്പലി വീക്ഷണത്തിൽ ഊന്നുമ്പോൾ, അബൂയഅ്‌ലായുടേത് താരതമ്യ പഠനമാണെന്നതാണ് വ്യത്യാസം. രണ്ടിൽ ഏതാണ് ആദ്യത്തേത് എന്ന ചോദ്യത്തിന് കൃത്യമായ മറുപടി സാധ്യമല്ലെങ്കിലും, മാവർദിയുടേതാണ് പ്രഥമം എന്നാണ് കരുതപ്പെടുന്നത്(14)

എന്തായാലും രണ്ടുകൃതികളും ഒരേ വീക്ഷണമാണ് പങ്കുവെക്കുന്നത്. ജുവൈനിയുടെ സുപ്രധാനമായ ഗ്രന്ഥത്തിന്ന് ഇവ രണ്ടും വഴിയൊരുക്കി എന്നത് ശ്രദ്ധേയമാണ്. **(അവസാനിച്ചു)**

വിവ: **സൈനുൽ ആബിദീൻ ദാരിമി**

## കുറിപ്പുകൾ

1. അൽ ഖിലാഫത്തു ഫിൽ ഫിക്‌രിൽ ഇസ്‌ലാമി, ഡോ. മുസ്ത്വഫാ ഹിൽമി പേ: 293.
2. ഉസ്വൂലുദ്ദീൻ ഫിക്‌രിസ്സിയാസിൽ ഇസ്‌ലാമി, മുഹമ്മദ് ഫത്ഹിൽ ഉസ്മാൻ പേ:32
3. അൽ ബിദായഃ വന്നിഹായഃ ഇബ്നു കസീർ 10/180
4. കിതാബുൽ ഖറാജ് (ശർഹ്) അബ്ദുൽ അസീസ് ബ്നു മുഹമ്മദുർറഹ്ബി.
5. അൽ ഖിലാഫത്തു വൽ മുൽക്, മൗദൂദി പേ: 192
6. അതേകൃതി പേ:201
7. അൽ ബിദായഃ വന്നിഹായഃ, ഇബ്നു കസീർ 10/202, താരീഖുത്തുറാസിൽ അറബി 2/52
8. ഇതിന്റെ വ്യാഖ്യാനം അഞ്ചു വാള്യങ്ങളുണ്ട്.
9. ത്വബഖാത്തുശ്ശാഫിഇയ്യഃ, സുബ്കി 5/267 മുഖദ്ദിമത്തു ഖവാനീനിൽ വിസാറഃ ലിൽ മാവർദി പേ:5.
10. ഇദ്ദേഹത്തിന്ന് തഫ്സീർ, ഫിഖ്ഹിൽ ഹാമീ എന്ന പേരിൽ വലിയ ഗ്രന്ഥം, അദബുദ്ദുൻയാ വദ്ദീൻ എന്നീ രചനകളുണ്ട്.
11. അൽ അഹ്കാമുസ്സുൽത്വാനിയ്യഃ പേ:3
12. അതേകൃതി
13. അൽ ഖാദീ അബൂയഅ്‌ലാ അൽ ഫർറാഅ്, ഡോ: മുഹമ്മദ് അബ്ദുൽ ഖാദിർ അബൂഫാരിസ് പേ:516.
14. ഡോ: ഫുആദ് അബ്ദുൽ മുൻഇം, ഡോ: മുസ്തഫാ ഹിൽമി എന്നിവർ ഈ കൃതി പഠനവിധേയമാക്കിയിട്ടുണ്ട്.